**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5698** **08-11-2021 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനസർക്കാർ ജീവനക്കാർക്കായി പ്രഖ്യാപിച്ച ആരോഗ്യ ഇൻഷുറൻസുമായി ബന്ധപ്പെട്ട വിഷയം ഹൈക്കോടതി അടക്കമുള്ള കോടതികളിൽ എത്തിപ്പെട്ടുവാൻ ഉണ്ടായ സാഹചര്യം ഒഴിവാക്കുവാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (എ) | മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്(RGICL) മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15.07.2019 -ലെ സ.ഉ(പി)നം.87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കാൻ പ്രസ്തുത കമ്പനിയ്ക്കായില്ല. നിയമനടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനായി സർക്കാർ നിരന്തരം റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി കത്തിടപാടുകൾ നടത്തിയിരുന്നുവെങ്കിലും നിലവാരമില്ലാത്ത ആശുപത്രികളെ ഉൾപ്പെടുത്തികൊണ്ട് ആർ.എഫ്.പി -യിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഹോസ്പിറ്റൽ എംപാനൽമെൻറ് ലിസ്റ്റ് ഹാജരാക്കിയതിനാൽ, RGICL കമ്പനിയ്ക്ക് നൽകിയ Award of Contract റദ്ദാക്കി ടി കമ്പനിയെ പദ്ധതി നടത്തിപ്പിൽ നിന്നും ഒഴിവാക്കിയിരുന്നു. പിന്നീട് ആരോഗ്യ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി സർക്കാർ രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Request For Proposal (RFP) 15.10.2020 -ൽ പ്രസിദ്ധീകരിച്ച് റീ-ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും കരാർ ലംഘിച്ച കമ്പനികളെ പൊതുതാല്പര്യസംരക്ഷണാർത്ഥം, പദ്ധതിയിൽ നിന്ന് മാറ്റി നിർത്താവുന്നതാണ് എന്ന Advocate General കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക clause കൂടി ഉൾപ്പെടുത്തികൊണ്ട് RFP പരിഷ്കരിച്ച് പഴയ ടെൻഡർ റദ്ദാക്കി 22.01.2021 -ൽ പുതിയ ടെണ്ടർ |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചിരുന്നു. മേൽ നിബന്ധന(Special Clause)പ്രകാരം ഒഴിവാക്കപ്പെട്ട RGICL-നെ കൂടി ടെൻഡർ നടപടികളിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.ഹൈക്കോടതിയിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്(RGICL) Writ Petition (C) No.2938/2021-N ഫയൽ ചെയ്തിരുന്നു. ടി കേസിലെ 05.02.2021 ലെ ഇടക്കാല ഉത്തരവ് പ്രകാരം RGICL നെ കൂടി ടെൻഡർ നടപടികളിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ RGICL-ന്റെ വാദത്തിൽ കഴമ്പില്ല എന്ന് ബഹു.ഹൈക്കോടതി കണ്ടെത്തിയതിനാൽ 29.03.2021 -ൽ സർക്കാരിന് അനുകൂലമായി കേസ് വിധിയായിരുന്നു. ടി വിധിയ്ക്കെതിരെ RGICL Writ Appeal No.615-2021 ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 08.04.2021 -ലെ ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിയ്ക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേ ഇല്ല എന്ന അഡ്വക്കേറ്റ് ജനറൽ കേരളയുടേയും നിയമ വകുപ്പിന്റേയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 07.04.2021 ലെ ധനകാര്യ ബിഡിലൂടെ Oriental Insuranceകമ്പനിയെ L1 ആയി തെരഞ്ഞെടുക്കുകയും 06.08.2021 -ൽ ടി കമ്പനിക്ക് Award of Contract നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2021-2022 സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിൽ വരുത്തുവാൻ കമ്പനിയുമായുള്ള അനുബന്ധ ചർച്ചകൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ